LIBRARY ARCHIVES Kerala Legislative Assembly

**യുവജനങ്ങൾക്ക് മാധ്യമ ക്യാമ്പ്**

**126 (5943)** ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമ രംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കുവേണ്ടി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ആരുടെയെല്ലാം പങ്കാളിത്തം പ്രയോജനപ്പെടുത്തുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അറിവും പരിചയവും അവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവമാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

**യുവ സാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

**127 (5944)** ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :